LIBRARY ARCHIVES Kerala Legislative Assembly

(ഡി) നോട്ടിഫൈ ചെയ്തിട്ടില്ല.

(ഇ) കൊല്ലം സിറ്റി, കൊല്ലം റൂറൽ, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ നാർക്കോട്ടിക് സെല്ലുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## പി.എസ്.സി. നടത്തിയ പരീക്ഷയുമായി ബന്ധപ്പെട്ട പരാതി

150(3508) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഏപ്രിൽ 9-ന് പി.എസ്.സി. നടത്തിയ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കോമേഴ്സ് പരീക്ഷയുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

(എ & ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2018 ഏപ്രിൽ 9-ന് നടത്തിയ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) പരീക്ഷയുമായി ബന്ധപ്പെട്ട് ശ്രീ. റിയാസ്. ഇ. പി., ശ്രീമതി സൗമ്യ. കെ എന്നിവർ സമർപ്പിച്ച പരാതി വിജിലൻസ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് ഡയറക്ടറുടെ കത്തിന്റെ പകർപ്പും പരാതിയുടെ അസ്സലും 18-6-2018-ലെ വിജി.-ഇ 3/296/2018-വിജി. നമ്പർ കത്ത് പ്രകാരം ആവശ്യമായ നടപടികൾക്കായി സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയിട്ടുണ്ട്.

## ഓപ്പറേഷൻ ഗ്രാമം എന്നപേരിൽ വിജിലൻസ് അന്വേഷണം

151(3509) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പിൽ നെൽവയലുകളും തണ്ണീർ തടങ്ങളും മണ്ണിട്ടുനികത്തുന്നതുമായി ബന്ധപ്പെട്ട അഴിമതികൾ അന്വേഷിക്കുന്നതിന് ഓപ്പറേഷൻ ഗ്രാമം എന്ന പേരിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അന്വേഷണം നടത്തിയതെന്നും എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണത്തിൽ കണ്ടെത്തിയതെന്നും വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ തീയതി സഹിതം വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കെതിരെ കേസെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരുവിവരം വിശദമാക്കുമോ;

(ഇ) ഈ അന്വേഷണ റിപ്പോർട്ട് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 2015 വർഷത്തിൽ 'ഓപ്പറേഷൻ ഗ്രാമം' എന്ന പേരിൽ 8 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) 9-12-2015-ന് നടത്തിയ മിന്നൽ പരിശോധനയിൽ വില്ലേജ് ഓഫീസുകളിൽനിന്നും ജനങ്ങൾക്കാവശ്യമായ രീതിയിൽ സേവനങ്ങൾ ലഭിക്കാത്തതും ഓഫീസിലെ തീർപ്പാക്കാത്ത ഫയലുകളും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ രേഖപ്പെടുത്താത്തതുമായ വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. എസ്.സി. 28/15/KKD, എസ്.സി. 33/15/NRK, എസ്.സി. 27/15/KKD, എസ്.സി. 32/15/NRK, എസ്.സി. 31/15/NRK, എസ്.സി.30/15/NRK എന്നീ അന്വേഷണ റിപ്പോർട്ടുകൾ യഥാക്രമം 7-4-2016, 18-5-2016, 1-6-2016, 1-6-2016, 1-6-2016, 17-8-2016 തീയതികളിൽ റവന്യൂ വകുപ്പിനും എസ്.സി. 25/15/KKD, എസ്.സി. 26/15/KKD എന്നീ മിന്നൽ പരിശോധനാ റിപ്പോർട്ടുകൾ 18-11-2016-ൽ കോഴിക്കോട് ജില്ലാ കളക്ടർക്കും നൽകിയിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) മിന്നൽ പരിശോധനാ റിപ്പോർട്ടിലെ ശിപാർശയിന്മേൽ ബന്ധപ്പെട്ട ഭരണവകുപ്പായ റവന്യൂ വകുപ്പാണ് തുടർനടപടികൾ സ്വീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly